# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2692 18.08.2017 -ലെ മറുപടിയ്ക്ക്

## സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ

**ചോദ്യം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
,, അനൂപ് ജേക്കബ്

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാനും, പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും നിയോഗിച്ച ജസ്റ്റിസ് ദിനേശൻ കമ്മിറ്റി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ | (എ) & (ബി) | സ്വാശ്രയ മേഖലയിലുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 04.02.2017 തീയതിയിലെ സ.ഉ. (എം.എസ്) നം.37/2017/ഉവിവ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ.കെ. ദിനേശൻ ചെയർമാനും ഡോ. കെ.കെ. എൻ.കുറുപ്പ്, ഡോ. ആർ.വി.ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ 4 മാസത്തിനുള്ളിൽ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. 05.08.2017 ലെ സ.ഉ.(കൈ) നം. 232/2017/ഉവിവ ഉത്തരവ് പ്രകാരം കമ്മീഷന്റെ കാലാവധി 31.08.2017 വരെ നീട്ടിയിട്ടുണ്ട്. |
| (ബി) | സ്വാശ്രയ വിദ്യാഭ്യാസ രംഗത്തെ നിലവാരം ഉയർത്തുന്നതിനായി എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ | | |
| (സി) | കേരളത്തിലെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഈ വർഷം മൂന്ന് അലോട്ട്മെന്റ് കഴിഞ്ഞപ്പോൾ എത്ര സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതായി കണ്ടെത്തി; | (സി) | സ്വാശ്രയ മേഖലയിൽ ഈ വർഷം 16246 സീറ്റുകൾ ഒഴിഞ്ഞ് കിടപ്പുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വിദ്യാർത്ഥികൾ ഇല്ലാത്തതിനാൽ, ഏതെങ്കിലും സ്വാശ്രയ കോളേജുകൾ നിർത്തലാക്കുകയുണ്ടായോ; വിശദാംശം നൽകുമോ? | (ഡി) | വിദ്യാർത്ഥികൾ ഇല്ലാത്തതിനാൽ സ്വാശ്രയ കോളേജുകളൊന്നും നിർത്തലാക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**